പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2532 19.06.2013 ലെ മറുപടിക്ക്

<u>ഭവനരഹിതരായ പട്ടികജാതിക്കാർക്കുള്ള ധനസഹായ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്കുള്ള ധന സഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ഗ്രാമപ്രദേശങ്ങളിൽ രണ്ടും നഗരപ്രദേശങ്ങളിൽ ഒന്നര സെന്റും ഭൂമി സ്വന്തമായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (വരുമാന പരിധി 22,000/- രൂപ) ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം അനുവദിക്കുന്നത്. ധനസഹായ തുകയായ 2,00,000/- രൂപ, നാല് ഗഡുക്കളായി (ഒന്നാം ഗഡു 15% , രണ്ടാം ഗഡു 30%, മൂന്നാം ഗഡു 40%, നാലാം ഗഡു 15%) പോസ്റ്റ് ഓഫീസുകൾ വഴി വിതരണം നടത്തുന്നു. ഒന്നാം ഗഡു അഡ്വാൻസായാണ് വിതരണം ചെയ്യുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സ്വന്തമായി ഭൂമിയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | വകുപ്പ് നേരിട്ടാണ് ഭവന നിർമ്മാണ ധന സഹായ പദ്ധതി നടപ്പിലാക്കുന്നത്. തപാൽ ഓഫീസുകൾ വഴി തുക വിതരണം നടത്തുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഈ പദ്ധതി പ്രകാരം തപാൽ ഓഫീസുകളിലൂടെ തുക വിതരണം നടത്തുന്നതിന് ഉടമ്പടിയുണ്ട്. ജില്ലാ ഓഫീസുകളിൽ നിന്ന് ധന സഹായ തുക ഡിഡിയായി ഗുണഭോക്താക്കൾ താമസിക്കുന്ന പ്രദേശം ഉൾപ്പെടുന്ന ഹെഡ്പോസ്റ്റ് ഓഫീസിൽ എത്തിക്കുകയും അവിടെ നിന്നും സബ്പോസ്റ്റ് ഓഫീസിലുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലൂടെ തുക വിതരണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.